അഴിമതിക്കുറ്റങ്ങൾ.

456. [35] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ അർദ്ധവർഷത്തിൽ അഴിമതിക്കുറ്റങ്ങൾക്ക് എത്ര ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചിട്ടുണ്ട് ;

(ബി) അവരുടെ ഡിപ്പാർട്ട്മെൻറ് തിരിച്ചുള്ള പട്ടികയും ശിക്ഷയുടെ സ്വഭാവവും എന്ത് ;

(സി) അഴിമതി നിരോധനത്തിനു് ഗവണ്മെൻറ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവരുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ അർദ്ധവർഷത്തിൽ 71 ഉദ്യോഗസ്ഥന്മാരെ അഴിമതിക്കുറ്റങ്ങൾക്ക് ശിക്ഷിച്ചിട്ടുണ്ട് ;

(ബി) ഡിപ്പാർട്ടുമെൻറ് തിരിച്ച് ശിക്ഷയുടെ സ്വഭാവം കാണിക്കുന്ന പട്ടിക* മേശപ്പുറത്തു വച്ചിട്ടുണ്ട് ;

(സി) അഴിമതി നിരോധനത്തിനായി സെക്രട്ടേറിയറ്റിൽ ഒരു പുതിയ വകുപ്പ് സൃഷ്ടിച്ചിട്ടുണ്ട്. അതിൻെറ സെക്രട്ടറി പോലീസിലുള്ള അഴിമതി നിവാരണ വകുപ്പിൻെറ സഹായത്തോടുകൂടി അഴിമതിക്കേസ്സുകളെപ്പറ്റി അന്വേഷണം നടത്തുകയും ഗവണ്മെൻറ് ശിക്ഷാനടപടികൾ നൽകുകയും ചെയ്യുന്നു. കൂടാതെ ഈ വകുപ്പിൻെറ സെക്രട്ടറി നേരിട്ട് ഗവണ്മെൻറ് ആഫീസുകൾ പരിശോധിക്കുകയും പരാതികളെപ്പറ്റി അന്വേഷിച്ച് ഉചിതമായ നടപടികൾ എടുക്കുകയും ചെയ്യുന്നു.

ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റീസ് ആക്ട്സ്.

457. [36] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂറിലെയും കൊച്ചിയിലെയും ആക്ടുകൾ ഏകീകരിക്കുന്നതിനും പുതുക്കുന്നതിനും തയാറാക്കിയ നിയമബിൽ ഇപ്പോൾ ഏതവസ്ഥയിലാണ് ;

(ബി) പുതിയ ബിൽ കൊണ്ടുവരണമെന്നു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ, ബി) നിയമബിൽ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനായി ശരിപ്പെടുത്തിക്കൊണ്ടിരിക്കയാണ്. അതു് കഴിയുന്നതുംവേഗം അവതരിപ്പിക്കും.

* Please see Appendix XI.

LIBRARY ARCHIVES Kerala Legislative Assembly